## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: *68 — 25.01.2018-ൽ മറുപടിക്ക്

### അട്ടപ്പാടിയിലെ ശിശുമരണങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.സി.മമ്മൂട്ടി<br>,, എൻ. ഷംസുദ്ദീൻ<br>ഡോ.എം. കെ. മുനീർ<br>ശ്രീ.പി.ബി. അബ്ദുൽ റസ്സാക്ക്: | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) | |
| എ) | 2017-ൽ അട്ടപ്പാടിയിൽ നിന്നും ശിശു മരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ; | എ) | 2017 വർഷം അട്ടപ്പാടിയിൽ 1142 കുട്ടികൾ ജനിച്ചതിൽ 14 മരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയിരം കുട്ടികൾ ജനിക്കുമ്പോൾ 12 ശിശുമരണം എന്ന തോതിലാണ് ഇത്. ഇത് കേരളത്തിലെ പൊതു ശിശുമരണ നിരക്കിന് തുല്യമാണ്. എന്നാൽ അഖിലേന്ത്യാതലത്തിൽ ശിശുമരണ നിരക്ക് ആയിരത്തിന് 34 എന്ന തോതിലാണ്. |
| ബി) | ആദിവാസികൾക്കിടയിലെ ആരോഗ്യപ്രശ്നങ്ങളും പോഷകാഹാരക്കുറവും പരിഹരിക്കാൻ നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണ്; | ബി) | സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാർക്ക് ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി സമഗ്ര ആരോഗ്യ സുരക്ഷാപദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിലും തെരഞ്ഞെടുക്കപ്പെട്ട മറ്റ് സഹകരണ ആശുപത്രികളിലും പൂർണ്ണമായും സൗജന്യ ചികിത്സ ഉറപ്പുവരുത്തുന്നു. ഐ.ടി.ഡി. പ്രൊജക്ട് ഓഫീസർമാർ/പട്ടികവർഗ്ഗ വികസന ഓഫീസർമാർ മുഖേനയും ചികിത്സാ ധനസഹായം നൽകുന്നു. കൂടാതെ ബഹു. വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വിവിധ രോഗങ്ങൾക്ക് ധനസഹായം അനുവദിച്ച് വരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ 5 അലോപ്പതി ഒ.പി. ക്ലിനിക്കുകളും ആറളത്ത് ഒരു ആയുർവ്വേദ ആശുപത്രിയും സംസ്ഥാനത്താകെ 17 ആയുർവ്വേദ ഡിസ്പെൻസറികളും പ്രവർത്തിക്കുന്നു. ഇടുക്കി, തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് എന്നിവിടങ്ങളിലായി ഓരോ ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ |

| | | | |
|---|---|---|---|
| | | | പ്രവർത്തിക്കുന്നു. HLL (Hindustan Lifecare Limited), KMSCL (Kerala Medical Services Corporation Limited) എന്നിവ മുഖേന വകുപ്പിന് കീഴിൽ മലപ്പുറം, വയനാട്, പാലക്കാട്, കൊല്ലം, ഇടുക്കി, കാസർഗോഡ്, കണ്ണൂർ എന്നീ ജില്ലകളിലും ഓരോ ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. പത്തനംതിട്ട, തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിൽ പുതുതായി മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ ആരംഭിക്കുന്നതിനും വയനാട്, പാലക്കാട് എന്നിവിടങ്ങളിൽ ഓരോ യൂണിറ്റ് അധികമായി ആരംഭിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചു വരുന്നു.<br>അട്ടപ്പാടി മേഖലയിൽ പോഷകാഹാരക്കുറവു മൂലമുള്ള അസുഖങ്ങളുടെ ചികിത്സക്കായി 3 NRC (Nutrition Rehabilitation Centre) കളും പ്രവർത്തിക്കുന്നു.<br>സിക്കിൾസെൽ അനീമിയ രോഗികൾക്ക് മരുന്ന്, മറ്റ് ജീവനോപാധികൾ എന്നിവ വാങ്ങുന്നതിലേക്കായി പ്രതിമാസം 2,500/- രൂപ വീതം സമാശ്വാസ ധനസഹായം നൽകുന്ന പദ്ധതിയും ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും ആരോഗ്യ സുരക്ഷ ഉറപ്പവരുത്തുന്നതിനായി പ്രതിമാസം 1,000/- രൂപ വീതം 18 മാസത്തേക്ക് നൽകുന്ന ജനനി-ജന്മരക്ഷാ പദ്ധതിയും പട്ടിക വർഗ വികസന വകുപ്പ് നടപ്പിലാക്കിവരുന്നു.<br>കൂടാതെ പട്ടിക വർഗ വികസന വകുപ്പ്, സാമൂഹ്യ നീതി വകുപ്പ്, ആരോഗ്യ വകുപ്പ് എന്നിവ മുഖേന വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>പട്ടിക വർഗ വികസന വകുപ്പിന് കീഴിൽ വർഷകാലത്തും പഞ്ഞമാസങ്ങളിലും ഭക്ഷ്യ സഹായ പദ്ധതി, അട്ടപ്പാടി മേഖലയിൽ പാകം ചെയ്ത ഭക്ഷണം നൽകുന്ന സ്ഥിരം കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി എന്നിവ നടപ്പിലാക്കിവരുന്നു.<br>അട്ടപ്പാടിയിലെ കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ നിലവിൽ രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ഉണ്ട്. കൂടാതെ 24 മണിക്കൂർ കാഷ്വാലിറ്റി - ലാബ്, മരുന്ന് വിതരണ സംവിധാനങ്ങളും ഐ.സി.യു സംവിധാനവും ഉണ്ട്. സ്കാനിംഗിനുള്ള സൗകര്യങ്ങൾ, ഓപ്പറേഷൻ തിയറ്റർ, രക്തബാങ്ക് എന്നിവയും സ്പെഷ്യൽ ഒ.പി ചികിത്സയും ഉണ്ട്. |

| | | | |
|---|---|---|---|
| | | | പ്രതിമാസ കുത്തിവെയ്പ്പ് നൽകൽ, നവജാത ശിശു സംരക്ഷണ സൗകര്യം, പാലിയേറ്റീവ് കെയർ യൂണിറ്റ്, ഡയാലിസിസ് യൂണിറ്റ്, സിക്കിൾസെൽ അനീമിയ ക്ലിനിക്, കൗൺസിലിംഗ്, മാനസികരോഗ, ക്ഷയരോഗ, അരിവാൾ രോഗ പുനരധിവാസ പദ്ധതികൾ എന്നിവയും മാരകരോഗങ്ങളുടെ സ്കാനിംഗ് ടെസ്റ്റും ഈ ആശുപത്രിയിൽ നടത്തിവരുന്നു.<br>സാമൂഹ്യ നീതി വകുപ്പിൻ കീഴിൽ അംഗൻവാടികൾ മുഖേന ഗർഭിണികൾക്കും കുട്ടികൾക്കും പ്രത്യേക പോഷകാഹാരം നൽകി വരുന്നു. പ്രീ-സ്കൂൾ കുട്ടികൾക്ക് പാൽ, മുട്ട എന്നിവയും വിതരണം ചെയ്യുന്നു. കൗമാര പ്രായക്കാരായ പെൺകുട്ടികൾക്കായി സബല കിറ്റുകൾ വിതരണം നടത്തുന്നു. പോഷകാഹാര അപര്യാപ്തതയുള്ളവരെ കണ്ടെത്തി സപ്ലിമെന്ററി ന്യൂട്രീഷ്യൻ പ്രോഗ്രാം നടപ്പിലാക്കിവരുന്നു. കുട്ടികൾക്കായി അമൃതം ന്യൂട്രിമിക്സ് വിതരണം നടത്തുന്നു. ആരോഗ്യ വകുപ്പ് മുഖേന ഗർഭിണികൾക്കും കുട്ടികൾക്കും അയൺ ഫോളിക് ആസിഡ് ഗുളികകൾ വിതരണം നടത്തുകയും ചെയ്യുന്നു.<br>അട്ടപ്പാടിയിൽ ആദിവാസി വിഭാഗത്തിന്റെ പരമ്പരാഗത ഭക്ഷണ രീതിയിൽ ധാന്യങ്ങൾ ഉൽപാദിപ്പിക്കാൻ **"മില്ലറ്റ് വില്ലേജ്"** എന്ന പദ്ധതി നടപ്പിലാക്കുന്നു. |
| സി) | പ്രസ്തുത പദ്ധതികൾ ശിശുമരണവും മാതൃ മരണവും കുറയ്ക്കാൻ സഹായകരമായിട്ടുണ്ടോ; | സി) | അമ്മമാരുടെ പോഷകാഹാര കുറവ്, തൻമൂലമുണ്ടാകുന്ന കുഞ്ഞുങ്ങളുടെ തൂക്കക്കുറവ്, ജന്മനാലോ, പിന്നീടോ ഉണ്ടാവുന്ന ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ, പ്രസവാനന്തര പരിചരണത്തിൽ വീട്ടുകളിൽ ഉണ്ടാവുന്ന ചികിത്സാ വൈമുഖ്യം, വീട്ടുകളിൽ പ്രസവം നടക്കുന്നത് തുടങ്ങി നിരവധി കാരണങ്ങളാണ് കാലാകാലങ്ങളിൽ ശിശുമരണത്തിന് കാരണമാവുന്നത്. എന്നാൽ ഈ പ്രശ്നങ്ങൾക്ക് പരിഹാരം എന്ന നിലയിൽ മുകളിൽ സൂചിപ്പിച്ച നടപടികൾ സർക്കാർ തലത്തിൽ ഊർജ്ജിതമായി നടപ്പിലാക്കിയതിനെ തുടർന്ന് ഗണ്യമായി ശിശുമരണ നിരക്ക് കുറച്ചുകൊണ്ടു വരാനായിട്ടുണ്ട്. |
| ഡി) | ഇക്കാര്യത്തിൽ കൂടുതൽ പഠനങ്ങൾ നടത്തി തുടർനടപടി സ്വീകരിക്കാൻ തയ്യാറാകുമോ? | ഡി) | 2013-ൽ അട്ടപ്പാടി മേഖലയിൽ ആദിവാസി ശിശുമരണങ്ങൾ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ യൂണിസെഫ്, ഡോ. ഇക്ബാൽ കമ്മറ്റി, ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ, തൃശ്ശൂർ മെഡിക്കൽ |

| | | | |
|---|---|---|---|
| | | | കോളേജ് ഡോക്ടർമാരുടെ നേതൃത്വത്തിലുള്ള സംഘം, ഹൈദരാബാദിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ന്യൂട്രീഷ്യൻ എന്നീ സംഘങ്ങൾ അട്ടപ്പാടി മേഖലയിൽ പഠനം നടത്തിയിട്ടുണ്ട്. കൂടാതെ പട്ടിക വർഗ വിഭാഗങ്ങൾക്കിടയിലെ ശിശുമരണം സംബന്ധിച്ച് പാലക്കാട് മെഡിക്കൽ കോളേജിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം മുഖേന ഒരു സമഗ്ര പഠനം നടത്തുന്നതിനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്. |

**സെക്ഷൻ ഓഫീസർ**